**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് 2022-23 വിജ്ഞാപനം - സോഷ്യൽ സയൻസ് വിദ്യാർഥികൾക്ക് അവസരം അനുവദിക്കണം എന്നുള്ള അപേക്ഷ പരിഗണിച്ച് മെന്ററുടെ യോഗ്യതയിൽ ഇളവ് വരുത്തി- ഉത്തരവ് -പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 6 സെക്ഷൻ**

നമ്പർ. 10635/AC A 6/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 19.10.2022

---

*പരാമർശം:*-1) 27.09.2022 തീയതിയായി ഡോ.അനിത ഐസക് , ബഹു. വൈസ് ചാൻസലർ മുമ്പാകെ സമർപ്പിച്ച അപേക്ഷ

2) 12.10.2022 തീയതിയായി കൂടിയ റിസർച്ച് ആൻഡ് ഡവലപ്മെന്റ് സിൻഡിക്കേറ്റ് സ്റ്റാൻഡിങ് കമ്മിറ്റിയുടെ യോഗത്തിന്റെ മിനിട്സ് ഇനം നമ്പർ: 181636 / ACA6-2/ 2021 / AC A 6

**<u>ഉത്തരവ്</u>**

ഡോ.അനിത ഐസക് എന്ന ഗവേഷക വിദ്യാർത്ഥി, സർവ്വകലാശാലയിലെ സോഷ്യൽ സയൻസുമായി ബന്ധപ്പെട്ട പഠന വകുപ്പുകളിൽ കുറഞ്ഞത് 3 പി.എച്ച്.ഡി പ്രൊഡ്യൂസ് ചെയ്ത അധ്യാപകരുടെ ഒഴിവില്ല എന്നും ഈ കാരണത്താൽ ഈ വർഷം സോഷ്യൽ സയൻസ് വിഷയങ്ങളിൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന് അപേക്ഷ നൽകുവാനുള്ള അവസരം നിഷേധിക്കപ്പെടുന്നു എന്നും അതിനാൽ, മെന്ററുടെ യോഗ്യതയിൽ ഇളവുകൾ വരുത്തി 2022-2023 വർഷത്തെ സർവകലാശാല പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന് അപേക്ഷിക്കുവാൻ സോഷ്യൽ സയൻസ് വിദ്യാർത്ഥികൾക്ക് അവസരം നൽകണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

പ്രസ്തുത അപേക്ഷ പരിഗണിച്ച റിസർച്ച് ആൻഡ് ഡവലപ്മെന്റ് സിൻഡിക്കേറ്റ് സ്റ്റാൻഡിങ് കമ്മിറ്റി പരാമർശം (2) പ്രകാരം താഴെ പറയും വിധം ശുപാർശ ചെയ്തു:

"സാമൂഹ്യശാസ്ത്ര വിഷയങ്ങളിൽ തങ്ങളുടെ കീഴിൽ മൂന്ന് ഡോക്ടറൽ ഗവേഷണം വിജയകരമായി പൂർത്തിയാക്കിയ ആദ്ധ്യാപകരുടെ കുറവ് പ്രകടമാണ്. ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്തുകൊണ്ട് മെന്റർമാരുടെ യോഗ്യതയിൽ ഇളവുവരുത്തി മൂന്ന് ഗവേഷണ പ്രബന്ധങ്ങൾ സമർപ്പിക്കണമെന്ന വ്യവസ്ഥ മാറ്റി, "ഗവേഷണ മാർഗ്ഗദർശന പരിചയം" യോഗ്യതയായി പരിഗണിക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു".

മേൽ വിഷയത്തിന്റെ അടിയന്തര പ്രാധാന്യം പരിഗണിച്ച ബഹു. വൈസ് ചാൻസലർ, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം III വകുപ്പ് 10(17) പ്രകാരം തന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് പ്രസ്തുത ശുപാർശ അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

Draft #6 of File 181636/AC A6-2/2021/AC A 6 Approved by ASSISTANT REGISTRAR II (ACADEMIC) on 19-Oct-2022 01:43 PM - Page 1

അനിൽകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ പഠന വകുപ്പ് തലവന്മാർക്കും
2. വൈസ്-ചാൻസലർ, പ്രൊ-വൈസ് ചാൻസലർ എന്നിവരുടെ പി.എസ്.മാർ
3. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജെ.ആർ. II (ഭ.വി.)/ ജെ.ആർ. II(ധനകാര്യം)/ ഡി.ആർ.II (അക്കാദമിക്)/ എ.ആർ.II (അക്കാദമിക്)
5. എ.സി. എ.II / X /XI/XIII, ഇ.ബി.X/ XIV/ ,Ad D സെക്ഷനുകൾ
6. S.S.1 സെക്ഷൻ (ATR സഹിതം)
7. ഓഡിറ്റ് V, ജനറൽ ക്യാഷ് സെക്ഷനുകൾ
8. പി.ആർ.ഒ. / എൻക്വയറി / ഐ.ക്യൂ.എ.സി./ CMS
9. റെക്കോർഡ്സ് സെക്ഷൻ
10. ഫയൽ കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #6 of File 181636/AC A6-2/2021/AC A 6 Approved by ASSISTANT REGISTRAR II (ACADEMIC) on 19-Oct-2022 01:43 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം